സി.എൻ.എൻ.
ഗേൾസ് ഹൈസ്കൂൾ
പി.ഒ. ചേർപ്പ് – ഫോൺ: 0487–2347888
cnnghsperumacherpu
SCHOOL CODE 22003

“അറിവിന്റെ വെളിച്ചവുമായി, കുതിക്കുന്ന കാലത്തിനുമുൻപേ ...”

# സർഗ്ഗഭ്രമി




## എഡിറ്റോറിയൽ

മണ്ണും മനുഷ്യനുമായുള്ള ബന്ധം നിലനിർത്തിയാണ് മനുഷ്യസംസ്കാരം വളർന്നത്.
എന്നാൽ ഇന്ന് മണ്ണിൽ നടക്കാത്ത,മണ്ണിൽ എഴുതാത്ത, മണ്ണിൽ കളിക്കാത്ത മണ്ണിൽ നിന്നകന്നു പോകുന്ന ഒരു ജീവിതരീതിയിലേക്ക് സമൂഹം മാറുകയാണ്. പ്രകൃതിയാണു സത്യം.അതിൽ നിന്ന് വിട്ടുമാറി ജീവിക്കാൻ ജീവജാലങ്ങൾ–ക്കാവില്ല.പ്രകൃതിയിൽ നിന്നുണ്ടായി,അതിനെ ഉപയോഗിച്ച് വളർന്ന് പ്രകൃതിയിലേക്കുതന്നെ മടങ്ങുന്നവരാണ് മനുഷ്യര് .കൃഷിയിൽ നിന്ന് അകലുകയാണ് പുതുതലമുറ.

കുട്ടികളെ പ്രകൃതിയിൽ നിന്ന് പറിച്ചുമാറ്റി മറ്റൊരു കൃത്രിമലോകത്ത് വളർത്തുകയാണ് ഇന്ന്.മണ്ണിൽ ചവിട്ടാതിരിക്കാൻ ഷൂസും കാലുറകളും ഇടുവിക്കുന്നു. ചളി പറ്റുന്നതും വിയർക്കുന്നതും മോശമാണെന്ന് കുട്ടികളെ പറഞ്ഞു പഠിപ്പിക്കുന്നു. വീടിനുചുറ്റും ടൈലിടുന്നു.ഒരുതരി മണ്ണുപോലും ദേഹത്ത് പുരളിലെന്ന് ഉറപ്പുവരുത്തുന്നു.മാനവചരിത്രത്തിൽ നിന്നും സംസ്കാരത്തിൽ നിന്നുമാണ് നാം അവരെ പറിച്ചുമാറ്റുന്നത്.



## ഒ വി വിജയൻ സ്മൃതിദിനം

1ഖസാക്കിന്റെ ഇതിഹാസക്കാരന്റെ 89–ാം ചരമദിനമായ ജൂലൈ 3 സി.എൻ.എൻ ഗേൾസ് ഹൈസ്കൂൾ ആദിരിച്ചു.അതിനോടനുബന്ധിച്ച് മലയാള ക്ലബിന്റെ നേതൃത്വത്തിൽ എച്ച് എസ് വിദ്യാര്ത്ഥികൾക്കായി ആസ്വാദനക്കുറിപ്പ് മത്സരം നടത്തി.അതിൽ അമൃത പി.യു ഒന്നാം സ്ഥാനം കരസ്ഥമാക്കി.അമൃത പി.ആർ, ദേവ്ന നാരായൻ ,പവിത്ര സി.എസ് എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കൈവരിച്ചു.

## വിജയോത്സവവും,പി.ടി.എ പൊതുയോഗവും .



ചേർപ്പ്: സി.എൻ.എൻ ഗേൾസ് ഹൈ സ്കൂളിന്റെ 2019–20 അദ്ധ്യയനവർഷത്തെ പി.ടി.എ രൂപികരിച്ചു. അതോടൊപ്പം അധ്യപക രക്ഷാകർത്തൃയോഗവും വിജയോത്സവവും നടന്നു. പ്രാർത്ഥനയിൽ തുടങ്ങി കാര്യപരിപാടികൾക്ക് പ്രധാനാധ്യാപിക ശ്രീമതി കെ.സുനിതാഭായ് ടീച്ചറുടെ സ്വാഗതത്തോടെ ആരംഭം കുറിച്ചു. പി. ടി.എ പ്രസിഡന്റ് ശ്രീ എല് .സൂരജ് അദ്ധ്യക്ഷത വഹിച്ച പരിപാടി പ്രശസ്ത ഫിലിം ആർട്ടിസ്റ്റ് ശ്രീ നന്ദകിഷോർ ഉദ്ഘാടനം നിർവഹിച്ചു. ശ്രീ കെ.ബി അജോഷ് മാസ്റ്റർ റിപ്പോർട്ട് അവതരിപ്പിച്ചു. വാർഡ് മെമ്പർ ശ്രീ പി.സന്ദീപ്, എം.പി.ടി.എ പ്രസിഡന്റ് ശ്രീമതി ബിന്ദു അനീഷ് കുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. സി.എൻ.എൻ സ്കൂളുകളുടെ മാനേജർ ശ്രീഇ.ബാലഗോപാൽ എൻഡോവ്മെന്റ് വിതരണം നിർവഹിച്ചു. എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികളെയും യു.എസ്.എസ് നേടിയ 23വിദ്യാർത്ഥികളെയും എൻ.എം.എം.എസ് നേടിയ 13 വിദ്യാർത്ഥികളെയും സംസ്കൃതം സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികളെയും അനുമോദിച്ചു. പുതിയ പി.ടി.എ പ്രസിഡന്റായി ശ്രീ എൽ സൂരജിനെ തിരഞ്ഞെടുക്കുകയും അനുമോദിക്കുകയും ചെയ്യ്തു. സ്കൂൾ സ്റ്റാഫ് സെക്രട്ടറി ശ്രീ എസ്.സുനിൽ മാസ്റ്ററുടെ നന്ദി പ്രകാശനത്തോടെ കാര്യപരിപാടികൾക്ക് സമാപനം കുറിച്ചു.

## വായനവാരാഘോഷം

ചേർപ്പ് : സി.എൻ.എൻ ഗേൾസ് ഹൈസ്കൂളിൽ വായനാവാരഘോഷത്തോടനുബന്ധിച്ച് യു പി വിഭാഗം കഥാരചന, കവിതാലാപനം , വായനാമത്സരം, ക്വിസ് എന്നിവ മലയാളം ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.7 ബി യിലെ നന്ദന ബിജുവും 7 എ യിലെ വിനയ കെ. വി യും,സൂര്യലക്ഷ്മി എം.എസും കഥാരചനയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. യു പി വിഭാഗക്കാർകായി സംഘടിപ്പിച്ച കവിതാലാപന മത്സരത്തിൽ 5 സി യിലെ ശിവാനി ഉണ്ണികൃഷ്ണന് ഒന്നാം സ്ഥാനവും 6 ഡി യിലെ മിത്രവിന്ദയു.എനിനും 5 ബിയിലെ ശ്രീഭദ്രയും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുകയുണ്ടായി.യു പി വിഭാഗവായനാമത്സരത്തിൽ 5 ഇ യിലെ അമൃത എസ് കുമാർ ഒന്നാംസ്ഥാനവും 7 എ യിലെ ഗൗരിപ്രിയയും 6 എ യിലെ അനന്യ ടി യും 6 ഡി യിലെ നികേതശർമ്മയും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മലയാളം ക്വിസ് മത്സരത്തിൽ 5 ബി യിലെ വൈദെഹി ഒന്നാം സ്ഥാനവും 7 ഇ യിലെ അനാമിക വി.ജെ രണ്ടാം സ്ഥാനവും 5 ഇ യിലെ മാളവിക കെ.എസ് മൂന്നാം സ്ഥാനവും ലഭിച്ചു.മലയാളം ക്ലബിന്റെ നേതൃത്വത്തിൽ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി ചെറുകഥാരചനയും കവിതാരചനയും വായനാമത്സരവും സംഘടിപ്പിച്ചു.ചെറുകഥാരചനയിൽ ആര്യ ജയരാജ്,അമൃത പി. ആർ, ദേവ്ന എന്നിവർക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. കവിതാരചന മത്സരത്തിൽ ഒന്നാം സ്ഥാനം ദേവീപ്രിയ ടി എസിനും രണ്ടാം സ്ഥാനം അമൃത പി ആറിനും മൂന്നാം സ്ഥാനം അനഘക്കും ലഭിച്ചു.

## സർഗഭൂമി പത്രത്തിന്റെ പ്രകാശനം



## പാഠമായി അഗ്നിസേന



1ജൂലൈ 5 വെള്ളിയാഴ്ച്ച അഗ്നിശമന സേനയുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.അഗ്നിസേന ഉദ്യോഗസ്ഥരായ വിപിൻ ബാബു,ദിനേഷ്,സുരാജ് എന്നിവരുടെ നേതൃത്വത്തിലാണ് ക്ലാസ്സ് നയിച്ചത്

1തീപിടിത്തതെ സ്വാധീനിക്കുന്ന ഘടകങ്ങളും അത് ഇല്ലായ്മചെയ്യാനുള്ള മാർഗങ്ങളും ഉൾക്കൊണ്ടതായിരുന്നു ക്ലാസ്സ്.ഇതിലൂടെ വിദ്യാർത്ഥികൾ അഗ്നിയെക്കുറിച്ചും അഗ്നിസേനയെക്കുറിച്ചും അവർ നമ്മുക്കായി ചെയ്യ്തു തരുന്ന സേവനങ്ങളെ കുറിച്ചും ബോധവാന്മാരായി.

## 'ഡോക്ടഴ്സ് ഡെ' ദിനാചരണം




ജൂലൈ 1–ന് ഡോക്ടർ ദിനം ആചരിച്ചു.സ്കൂൾ എക്കോ ക്ലബിന്റെ നേതൃത്വത്തിലായിരുന്നു ഡോക്ടർ ദിനം ആചരിച്ചത്.രോഗിയെ രോഗമുക്തമാകുന്ന ഡോക്ടർമാരെ ആദരിക്കുക എന്നതായിരുന്നു ലക്ഷ്യം.അതിനായി എക്കോ ക്ലബ് മെമ്പേഴ്സ് സർക്കാർ ആശുപത്രിയിലേക്ക് റാലി സംഘടിപ്പിച്ചു.ആശുപത്രിയിലെ ഡോക്ടർമാരെ പുഷ്പം നൽകി ആദരിച്ചതോടെ പരിപാടികൾക്ക് സമാപനം കുറിച്ചു.